# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 24

# വാർത്താക്കുറിപ്പ്

## എം.ജി.യുടെ രണ്ടാമത്തെ ചിത്രം 'ട്രിപ്പ്' തീയേറ്ററുകളിൽ; മികച്ച പ്രതികരണം

മഹാത്മാ ഗാന്ധി സർവകലാശാല നിർമിച്ച രണ്ടാമത്തെ സിനിമ 'ട്രിപ്പി'ന് മികച്ച പ്രതികരണം. യുവാക്കളിലെ മയക്കമരുന്ന് ഉപയോഗത്തിലേക്കും ദോഷവശങ്ങളിലേക്കും സാമൂഹിക, കുടുംബ പ്രശ്നങ്ങളിലേക്കും വിരൽചൂണ്ടുന്നതാണ് സിനിമ. കുടുംബ ബന്ധങ്ങളിലെ വിള്ളലുകൾ മൂലം ലഹരിയിലേക്ക് വീഴുന്ന യുവാവിന്റെ ജീവിതത്തിലൂടെ കൂട്ടുകാർ നടത്തുന്ന യാത്രാന്വേഷണമാണ് സിനിമ.

പുതുമുഖങ്ങളെ അണിനിരത്തി തരംഗം സൃഷ്ടിച്ച ജയരാജിന്റെ ശിഷ്യൻ അൻവർ അബ്ദുള്ളയും എം.ആർ. ഉണ്ണിയും ചേർന്ന് സംവിധാനം നിർവഹിച്ച ട്രിപ്പിന് ജാസിഗിഫ്റ്റിന്റെ സംഗീതം മാറ്റുകൂട്ടുന്നു. മനംനിറയ്ക്കുന്ന അഞ്ച് പാട്ടുകൾക്ക് കെ. ജയകുമാർ, റഫീഖ് അഹമ്മദ്, ഒ.വി. ഉഷ തുടങ്ങിയവരാണ് വരികളെഴുതിയിട്ടുള്ളത്. എ. മുഹമ്മദിന്റെ ഹൃദ്യമായ ഛായാഗ്രഹണം ചിത്രത്തിന്റെ സവിശേഷതയാണ്. എം.ആർ. ഉണ്ണിയുടെ കഥയ്ക്ക് തിരക്കഥയും സംഭാഷണവും രചിച്ചത് അൻവർ അബ്ദുള്ളയാണ്. ഡോ.സന്തോഷ് പി.തമ്പി ആണ് ലൈൻ പ്രൊഡ്യൂസർ. സർക്കാരിന്റെയും വിവിധ സർവ്വകലാശാലകളുടെയും സഹകരണത്തോടെയാണ് ചിത്രം ഒരുക്കിയത്.

കണ്ണൂർ മുതൽ വർക്കല വരെയുള്ള കേരളത്തിന്റെ തീരപ്രദേശത്തുകൂടിയുള്ള യാത്രയായാണ് ട്രാവൽ മൂവിയുടെ കഥ മുന്നോട്ട് പോകുന്നത്. പയ്യോളി കൊളാബ ബീച്ചിന്റെ ദൃശ്യഭംഗി ചിത്രത്തിന് മിഴിവേകുന്നു. ആര്യ രമേഷ്, കല്ല്യാൺ ഖന്ന, റെജിൻ രാജ്, മാസ്റ്റർ ഗൗതം, കെ.ടി.സി അബ്ദുള്ള, ഗിരീഷ് രാംകുമാർ, ശിവഗംഗ നാഥ്, രാജീവൻ വെള്ളൂർ, പി.കെ. ഹരികുമാർ, രാജീവ് മോഹൻ, ജി.ശ്രീകുമാർ, അനീഷ് ഗോപാൽ, ജ്യൂവൽ ബേബി എന്നിവരുൾപ്പെടെ മുപ്പതോളം താരങ്ങൾ ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്.

കെ.ടി.സി അബ്ദുള്ള അവസാനമായി അഭിനയിച്ച ചിത്രമാണിത്. ഗായകർ: ജാസി ഗിഫ്റ്റ്, നജീം അർഷാദ്, വൈക്കം വിജയലക്ഷ്മി, പി.വി.പ്രീത. ഛായാഗ്രഹണം: എ.മുഹമ്മദ്. ചിത്രസംയോജനം: റിഞ്ചു ആർ.വി. അസോസിയേറ്റ് ഡയറക്ടർ: നവാസ് അലി. അസിസ്റ്റന്റ് ഡയറക്ടർമാർ: ബാലു കുടമാളൂർ, ശ്രീകാന്ത്. ചമയം: മിറ്റാ ആന്റണി. വസ്ത്രാലങ്കാരം: ജയരാജ് വാടാനാകുറിശ്ശി. കലാസംവിധാനം: അനീഷ് ഗോപാൽ. പി.ആർ.ഒ: ജി. ശ്രീകുമാർ. പ്രൊഡക്ഷൻ കൺട്രോളർ: ദീപക് പരമേശ്വരൻ. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്: പ്രതീഷ് മാവേലിക്കര. യൂണിറ്റ് പ്രൊഡക്ഷൻ മാനേജർ: വി. സുരേഷ്കുമാർ. സ്റ്റുഡിയോ: ചിത്രാഞ്ജലി. പരസ്യകല: യെല്ലോ ടൂത്ത്. ശബ്ദവിന്യാസം: വിനോദ് പി.ശിവറാം. സ്റ്റിൽസ്: ശേഖരാജ്.

ഏറ്റുമാനൂർ യു.ജി.എം. തീയേറ്ററിൽ നടന്ന റിലീസ് ചടങ്ങിൽ നടനും നിർമ്മാതാവുമായ പ്രേംപ്രകാശ്, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. സന്തോഷ് പി. തമ്പി, അഭിനേതാക്കൾ, അണിയറ പ്രവർത്തകർ എന്നിവർ പങ്കെടുത്തു. തിരുവനന്തപുരം, ചേർത്തല, ഏറ്റുമാനൂർ, തലയോലപ്പറമ്പ്, എറണാകുളം, നോർത്ത് പറവൂർ, തൃശ്ശൂർ, ചിറ്റൂർ എന്നിവിടങ്ങളിലാണ് ചിത്രം റിലീസ് ചെയ്തിരിക്കുന്നത്.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയുടെ രണ്ടാമത്തെ ചിത്രം 'ട്രിപ്പി'ന്റെ റിലീസിംഗ് ചടങ്ങിൽ നടനും നിർമ്മാതാവുമായ പ്രേംപ്രകാശ്, ട്രിപ്പിന്റെ സംവിധായകൻ അൻവർ അബ്ദുള്ള, നായിക ആര്യ രമേഷ് എന്നിവർ**

(പി.ആർ.ഒ/39/267/2020)

## പരീക്ഷ മാറ്റി

ഫെബ്രുവരി 26 മുതൽ നടത്താനിരുന്ന ഒന്നാം വർഷ ബി.പി.ടി. (2008 അഡ്മിഷൻ മുതൽ സപ്ലിമെന്ററി പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/268/2020)

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം.ബി.എ. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 13 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 26 വരെയും 525 രൂപ പിഴയോടെ 27 വരെയും 1050 രൂപ സൂപ്പർഫൈനോടെ 28 വരെ അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/269/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്., 2019 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 27 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/270/2020)

## പരീക്ഷഫലം

2020 ജനുവരിയിൽ സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.-2018-2020 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/271/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 24

# വാർത്താക്കുറിപ്പ്

## എം.ജി.യുടെ രണ്ടാമത്തെ ചിത്രം 'ട്രിപ്പ്' തീയേറ്ററുകളിൽ; മികച്ച പ്രതികരണം

മഹാത്മാ ഗാന്ധി സർവകലാശാല നിർമിച്ച രണ്ടാമത്തെ സിനിമ 'ട്രിപ്പി'ന് മികച്ച പ്രതികരണം. യുവാക്കളിലെ മയക്കമരുന്ന് ഉപയോഗത്തിലേക്കും ദോഷവശങ്ങളിലേക്കും സാമൂഹിക, കുടുംബ പ്രശ്നങ്ങളിലേക്കും വിരൽചൂണ്ടുന്നതാണ് സിനിമ. കുടുംബ ബന്ധങ്ങളിലെ വിള്ളലുകൾ മൂലം ലഹരിയിലേക്ക് വീഴുന്ന യുവാവിന്റെ ജീവിതത്തിലൂടെ കൂട്ടുകാർ നടത്തുന്ന യാത്രാന്വേഷണമാണ് സിനിമ.

പുതുമുഖങ്ങളെ അണിനിരത്തി തരംഗം സൃഷ്ടിച്ച ജയരാജിന്റെ ശിഷ്യൻ അൻവർ അബ്ദുള്ളയും എം.ആർ. ഉണ്ണിയും ചേർന്ന് സംവിധാനം നിർവഹിച്ച ട്രിപ്പിന് ജാസിഗിഫ്റ്റിന്റെ സംഗീതം മാറ്റുകൂട്ടുന്നു. മനംനിറയ്ക്കുന്ന അഞ്ച് പാട്ടുകൾക്ക് കെ. ജയകുമാർ, റഫീഖ് അഹമ്മദ്, ഒ.വി. ഉഷ തുടങ്ങിയവരാണ് വരികളെഴുതിയിട്ടുള്ളത്. എ. മുഹമ്മദിന്റെ ഹൃദ്യമായ ഛായാഗ്രഹണം ചിത്രത്തിന്റെ സവിശേഷതയാണ്. എം.ആർ. ഉണ്ണിയുടെ കഥയ്ക്ക് തിരക്കഥയും സംഭാഷണവും രചിച്ചത് അൻവർ അബ്ദുള്ളയാണ്. ഡോ.സന്തോഷ് പി.തമ്പി ആണ് ലൈൻ പ്രൊഡ്യൂസർ. സർക്കാരിന്റെയും വിവിധ സർവ്വകലാശാലകളുടെയും സഹകരണത്തോടെയാണ് ചിത്രം ഒരുക്കിയത്.

കണ്ണൂർ മുതൽ വർക്കല വരെയുള്ള കേരളത്തിന്റെ തീരപ്രദേശത്തുകൂടിയുള്ള യാത്രയായാണ് ട്രാവൽ മൂവിയുടെ കഥ മുന്നോട്ട് പോകുന്നത്. പയ്യോളി കൊളാബ ബീച്ചിന്റെ ദൃശ്യഭംഗി ചിത്രത്തിന് മിഴിവേകുന്നു. ആര്യ രമേഷ്, കല്ല്യാൺ ഖന്ന, റെജിൻ രാജ്, മാസ്റ്റർ ഗൗതം, കെ.ടി.സി അബ്ദുള്ള, ഗിരീഷ് രാംകുമാർ, ശിവഗംഗ നാഥ്, രാജീവൻ വെള്ളൂർ, പി.കെ. ഹരികുമാർ, രാജീവ് മോഹൻ, ജി.ശ്രീകുമാർ, അനീഷ് ഗോപാൽ, ജ്യൂവൽ ബേബി എന്നിവരുൾപ്പെടെ മുപ്പതോളം താരങ്ങൾ ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്.

കെ.ടി.സി അബ്ദുള്ള അവസാനമായി അഭിനയിച്ച ചിത്രമാണിത്. ഗായകർ: ജാസി ഗിഫ്റ്റ്, നജീം അർഷാദ്, വൈക്കം വിജയലക്ഷ്മി, പി.വി.പ്രീത. ഛായാഗ്രഹണം: എ.മുഹമ്മദ്. ചിത്രസംയോജനം: റിഞ്ചു ആർ.വി. അസോസിയേറ്റ് ഡയറക്ടർ: നവാസ് അലി. അസിസ്റ്റന്റ് ഡയറക്ടർമാർ: ബാലു കുടമാളൂർ, ശ്രീകാന്ത്. ചമയം: മിറ്റാ ആന്റണി. വസ്ത്രാലങ്കാരം: ജയരാജ് വാടാനാകുറിശ്ശി. കലാസംവിധാനം: അനീഷ് ഗോപാൽ. പി.ആർ.ഒ: ജി. ശ്രീകുമാർ. പ്രൊഡക്ഷൻ കൺട്രോളർ: ദീപക് പരമേശ്വരൻ. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്: പ്രതീഷ് മാവേലിക്കര. യൂണിറ്റ് പ്രൊഡക്ഷൻ മാനേജർ: വി. സുരേഷ്കുമാർ. സ്റ്റുഡിയോ: ചിത്രാഞ്ജലി. പരസ്യകല: യെല്ലോ ടൂത്ത്. ശബ്ദവിന്യാസം: വിനോദ് പി.ശിവറാം. സ്റ്റിൽസ്: ശേഖരാജ്.

ഏറ്റുമാനൂർ യു.ജി.എം. തീയേറ്ററിൽ നടന്ന റിലീസ് ചടങ്ങിൽ നടനും നിർമ്മാതാവുമായ പ്രേംപ്രകാശ്, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. സന്തോഷ് പി. തമ്പി, അഭിനേതാക്കൾ, അണിയറ പ്രവർത്തകർ എന്നിവർ പങ്കെടുത്തു. തിരുവനന്തപുരം, ചേർത്തല, ഏറ്റുമാനൂർ, തലയോലപ്പറമ്പ്, എറണാകുളം, നോർത്ത് പറവൂർ, തൃശ്ശൂർ, ചിറ്റൂർ എന്നിവിടങ്ങളിലാണ് ചിത്രം റിലീസ് ചെയ്തിരിക്കുന്നത്.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയുടെ രണ്ടാമത്തെ ചിത്രം 'ട്രിപ്പി'ന്റെ റിലീസിംഗ് ചടങ്ങിൽ നടനും നിർമ്മാതാവുമായ പ്രേംപ്രകാശ്, ട്രിപ്പിന്റെ സംവിധായകൻ അൻവർ അബ്ദുള്ള, നായിക ആര്യ രമേഷ് എന്നിവർ**

(പി.ആർ.ഒ/39/267/2020)

## പരീക്ഷ മാറ്റി

ഫെബ്രുവരി 26 മുതൽ നടത്താനിരുന്ന ഒന്നാം വർഷ ബി.പി.ടി. (2008 അഡ്മിഷൻ മുതൽ സപ്ലിമെന്ററി പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/268/2020)

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം.ബി.എ. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 13 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 26 വരെയും 525 രൂപ പിഴയോടെ 27 വരെയും 1050 രൂപ സൂപ്പർഫൈനോടെ 28 വരെ അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/269/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്., 2019 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 27 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/270/2020)

## പരീക്ഷഫലം

2020 ജനുവരിയിൽ സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.-2018-2020 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/271/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ